**പ്രധാനമന്ത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ പാർലമെന്റിനെ അഭിസംബോധന ചെയ്തു (ജൂലൈ 04, 2025)**

ജൂലൈ 04, 2025

സെനറ്റ് പ്രസിഡന്റ് വേഡ് മാർക്കിന്റെയും സഭാസ്പീക്കർ ജഗ്ദേവ് സിങ്ങിന്റെയും ക്ഷണപ്രകാരം പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് ട്രിനിഡാഡ് ആൻഡ് ടൊബാഗോ [T&T] പാർലമെന്റിന്റെ സംയുക്ത അസംബ്ലിയെ അഭിസംബോധന ചെയ്തു.  T&T പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് അദ്ദേഹം, ഇന്ത്യ-ട്രിനിഡാഡ് ആൻഡ് ടൊബാഗോ ഉഭയകക്ഷി ഉഭയകക്ഷി ബന്ധത്തിലെ നാഴികക്കല്ലായി ഈ വേള മാറി.

2. മഹത്തായ സഭയെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തെ പ്രതിനിധാനംചെയ്ത് അംഗങ്ങൾക്കു പ്രത്യേക ആശംസകൾ നേർന്നു. രാജ്യത്തിന്റെ പരമോന്നത ദേശീയ ബഹുമതി സമ്മാനിച്ചതിന് T&T-യിലെ ജനങ്ങളോട് അദ്ദേഹം നന്ദി അറിയിച്ചു.  ഇന്ത്യൻ ജനാധിപത്യത്തിന്റെ ഊർജ്ജസ്വലതയെക്കുറിച്ച് വിശദീകരിച്ചുകൊണ്ട്, ജനാധിപത്യത്തിന്റെ മാതാവായ ഇന്ത്യ, ഈ സമ്പ്രദായത്തെ അതിന്റെ സംസ്കാരത്തിന്റെയും ജീവിതരീതിയുടെയും അവിഭാജ്യഘടകമാക്കി മാറ്റിയിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.  ഈ സമീപനം ഇന്ത്യയുടെ വൈവിധ്യത്തെ വളർത്താനും അഭിവൃദ്ധി നേടാനും എല്ലാ ആശയങ്ങളും ഒരുമിച്ച് നിലകൊള്ളാനും പാർലമെന്ററി സംവാദങ്ങളെയും പൊതുചർച്ചകളെയും സമ്പന്നമാക്കാനും അനുവദിച്ചുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

3. T&T-യുടെ വിജയകരമായ ജനാധിപത്യയാത്രയെ പ്രധാനമന്ത്രി അഭിനന്ദിച്ചു.  സ്വാതന്ത്ര്യത്തിലേക്കുള്ള പാതയിൽ T&T-യിലെ ജനങ്ങൾക്കൊപ്പം നിലകൊള്ളാൻ ഇന്ത്യയ്ക്ക് ഭാഗ്യം ലഭിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.  ആധുനിക രാഷ്ട്രങ്ങൾ എന്ന നിലയിൽ ഇരു രാജ്യങ്ങളും തമ്മിൽ ആഴത്തിൽ വേരൂന്നിയ ബന്ധം കൂടുതൽ കരുത്താർജിച്ചിട്ടുണ്ടെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.  രണ്ടു ജനാധിപത്യരാഷ്ട്രങ്ങൾ തമ്മിലുള്ള അടുത്ത ബന്ധത്തിന്റെ പ്രതീകമായി, ഇന്ത്യ സമ്മാനിച്ച സ്പീക്കറുടെ ചെയർ പ്രതിഫലിക്കുന്നതായി വ്യക്തമാക്കിയ പ്രധാനമന്ത്രി, ഉഭയകക്ഷി

പാർലമെന്ററി വിനിമയങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണമെന്ന് ആഹ്വാനം ചെയ്തു. സഭയിലെ വനിതാ പാർലമെന്റ് അംഗങ്ങളുടെ ഗണ്യമായ സാന്നിധ്യത്തിൽ സന്തോഷം പ്രകടിപ്പിച്ച അദ്ദേഹം, പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33% സീറ്റുകൾ സംവരണം ചെയ്യാൻ ഇന്ത്യ സ്വീകരിച്ച ചരിത്രപരമായ നടപടി എടുത്തുപറഞ്ഞു. ഇന്ത്യയിലെ താഴെത്തട്ടിൽ നേതൃത്വം വഹിക്കുന്ന വനിതാ നേതാക്കളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു, ഈ സാഹചര്യത്തിൽ, രാജ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട 1.5 മില്യൺ വനിതകളെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.

4. മനുഷ്യരാശി നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് പ്രധാനമന്ത്രി വിശദീകരിച്ചു. സമാധാനം ആഗ്രഹിക്കുന്ന സമൂഹത്തിന് ഗുരുതര ഭീഷണി ഉയർത്തുന്ന ഭീകരതയ്ക്കെതിരെയുള്ള പോരാട്ടത്തിന് ശക്തി പകരാൻ ആഗോള സമൂഹത്തോട് അദ്ദേഹം ആവശ്യപ്പെട്ടു. ആഗോള ഭരണപരിഷ്കരണം അനിവാര്യമാണെന്നും ഗ്ലോബൽ സൗത്തിനു യഥാർഥ പരിഗണന നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇന്ത്യ-CARICOM ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

5. ട്രിനിഡാഡിലേക്ക് ഇന്ത്യക്കാർ എത്തിയതിന്റെ 180-ാം വാർഷികാഘോഷങ്ങൾ നടക്കുന്നതിനെക്കുറിച്ച് അനുസ്മരിച്ച അദ്ദേഹം, ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം നൂറ്റാണ്ടുകൾ പഴക്കമുള്ള സൗഹൃദങ്ങളുടെ അടിത്തറയിൽ അധിഷ്ഠിതമാണെന്നും അവ കൂടുതൽ ആഴത്തിലും അഭിവൃദ്ധിയിലും തുടരുമെന്നും ചൂണ്ടിക്കാട്ടി.

6. പാർലമെന്റിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രധാനമന്ത്രിയുടെ പ്രസംഗം പൂർണ്ണമായും ഇവിടെ കാണാം.

**പോർട്ട് ഓഫ് സ്പെയിൻ**

**ജൂലൈ 04, 2025**